# INDIAN SCHOOL AL WADI AL KABIR
# MIDTERM EXAMINATION
## MALAYALAM (CODE 012) SET: 1

Class: X | Max. Marks: 80

Date: 13-09-2026 | Time: 3 Hours

**General Instructions:**

1. Please check that this question paper contains **8** questions and **10** printed pages.
2. This question paper is divided into four sections:

   Section A - Reading Comprehension – 15 Marks

   Section B - Creative Writing – 14 Marks

   Section C - Grammar – 15 Marks

   Section D - Literature – 36 Marks

## എ വിഭാഗം ( SECTION : A )

**1. തന്നിരിക്കുന്ന ഖണ്ഡികകൾ വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും ഓരോ മാർക്കു വീതം )** **( 8 X 1=8 )**

നൂറ്റാണ്ടുകളായി പ്രകൃതിയോട് ഇണങ്ങി ജീവിച്ച ഒരു പാരമ്പര്യമാണ് നമുക്കുള്ളത്. നമ്മുടെ കൃഷിരീതികളും ഉത്സവങ്ങളും ആചാരങ്ങളും എല്ലാം തന്നെ പ്രകൃതിയുടെ താളത്തിനനുസരിച്ചായിരുന്നു രൂപപ്പെട്ടിരുന്നത്. നമ്മുടെ കാവുകളും കുളങ്ങളും സംരക്ഷിച്ചിരുന്ന മുൻതലമുറയ്ക്ക് പരിസ്ഥിതി ശാസ്ത്രത്തെക്കുറിച്ച് വലിയ അറിവുകൾ ഇല്ലായിരുന്നു. എങ്കിലും പ്രകൃതിയെ നോവിക്കാതെ ജീവിക്കണമെന്ന പ്രായോഗികജ്ഞാനം അവർക്ക് ഉണ്ടായിരുന്നു. എന്നാൽ ആഗോളവൽക്കരണത്തിന്റെയും കമ്പോളസംസ്കാരത്തിന്റെയും കടന്നുവരവോടെ ഈ പരമ്പരാഗത അറിവുകൾ പലതും വിസ്മൃതിയിലാണ്ടു പോയി.

ഇന്ന് നാം ജീവിക്കുന്നത് നിർമ്മിത ബുദ്ധിയുടെയും (Artificial Intelligence) റോബോട്ടിക്സിന്റെയും കാലത്താണ്. വിവരസാങ്കേതിക വിദ്യയുടെ വികാസം മനുഷ്യജീവിതം കൂടുതൽ സുഗമവും വേഗതയേറിയതുമാക്കി മാറ്റി. സാങ്കേതിക മുന്നേറ്റങ്ങൾ നമ്മുടെ പൈതൃകത്തെയും സാംസ്കാരിക മൂല്യങ്ങളെയും

പൂർണ്ണമായി തുടച്ചു നീക്കിക്കൊണ്ടാകരുത്. പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കുമ്പോഴും നമ്മുടെ പരിസ്ഥിതിയെയും മാനവിക മൂല്യങ്ങളെയും മുറുകെപ്പിടിക്കാൻ നമുക്ക് സാധിക്കണം. പരമ്പരാഗത കാർഷിക രീതികളിലേക്ക് ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകളെ സന്നിവേശിപ്പിക്കാൻ കഴിഞ്ഞാൽ അത് വലിയൊരു വിപ്ലവമായിരിക്കും. മണ്ണിലെ പോഷകാംശങ്ങൾ കണ്ടെത്താനും കാലാവസ്ഥാ വ്യതിയാനങ്ങൾ മുൻകൂട്ടി അറിയാനും ആധുനിക ഉപകരണങ്ങൾ സഹായിക്കുമ്പോൾ തന്നെ, കീടങ്ങളെ പ്രതിരോധിക്കാൻ നമ്മുടെ പഴയ ജൈവരീതികൾ ഉപയോഗിക്കാവുന്നതാണ്. ഇതുവഴി വിഷമില്ലാത്ത ആഹാരം ഉൽപ്പാദിപ്പിക്കാനും ഭൂമിയുടെ ഫലഭൂയിഷ്ഠത നിലനിർത്താനും കഴിയും. വിദ്യാഭ്യാസരംഗത്തും ഈ മാറ്റങ്ങൾ പ്രതിഫലിക്കേണ്ടതുണ്ട്. നമ്മുടെ വിദ്യാഭ്യാസ-ത്തിലൂടെ കുട്ടികളിൽ നന്മയും സഹാനുഭൂതിയും മാതൃഭാഷയോടും സംസ്കാര ത്തോടും സ്നേഹവും ആദരവും വളർത്താൻ കഴിയണം. പുതിയ കാലത്തിന്റെ അറിവുകൾ നേടുന്നതോടൊപ്പം തന്നെ സ്വന്തം വേരുകളെ മറക്കാതിരിക്കാൻ യുവതലമുറയെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള വരുംതലമുറയുടെ പ്രധാന ഉത്തരവാദിത്തം. സംസ്കാരവും ശാസ്ത്രവും പരസ്പരം പോരടിക്കേണ്ടവയല്ല, മറിച്ച് അവ പരസ്പരം കൈകോർത്ത് മുന്നേറേണ്ടവയാണെന്ന തിരിച്ചറിവാണ് നമുക്ക് ഉണ്ടാകേണ്ടത്.

**ചോദ്യങ്ങൾ**

1. പ്രകൃതിയുടെ താളത്തിനനുസരിച്ച് രൂപപ്പെട്ടിരുന്നത് എന്തെല്ലാമാണ് ?
2. നമ്മുടെ മുൻതലമുറയ്ക്ക് എന്ത് പ്രായോഗികജ്ഞാനമാണ് ഉണ്ടായിരുന്നത് ?
3. പരമ്പരാഗത അറിവുകൾ വിസ്മൃതിയിലാണ്ടു പോകാൻ ഇടയാക്കിയ സാഹചര്യം എന്താണ് ?
4. വിവരസാങ്കേതികവിദ്യയുടെ വികാസം മനുഷ്യജീവിതത്തിൽ വരുത്തിയ പ്രധാന മാറ്റം എന്താണ് ?
5. പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കുമ്പോഴും നാം എന്താണ് മുറുകെപ്പിടി-ക്കേണ്ടത് ?
6. കീടങ്ങളെ പ്രതിരോധിക്കാൻ നമ്മുടെ പഴയ ജൈവരീതികൾ ഉപയോഗിക്കു-ന്നത് കൊണ്ടുള്ള നേട്ടമെന്ത് ?
7. നമ്മുടെ വിദ്യാഭ്യാസത്തിലൂടെ കുട്ടികളിൽ എന്തൊക്ക ഗുണങ്ങളുണ്ടാക്കാനാണ് ശ്രമിക്കേണ്ടത് ?

8. വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള വരും തലമുറയുടെ പ്രധാന ഉത്തരവാദിത്തം എന്താണ് ?

**2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും ഓരോ മാർക്കു വീതം ) ( 7 X 1=7 )**

കേരളം അടുത്ത കാലത്തായി നേരിട്ട പ്രകൃതിദുരന്തങ്ങളുടെ സമയത്ത് നാം ലോകത്തിന് കാണിച്ചുകൊടുത്ത ഒരു വലിയ മാതൃകയുണ്ട്; അത് പരസ്പര സ്നേഹത്തിന്റെയും, മാനവികതയുടെയും, ഒത്തൊരുമയുടെയുമാണ്. ജാതിയോ മതമോ രാഷ്ട്രീയമോ നോക്കാതെ മനുഷ്യർ പരസ്പരം കൈകോർത്തപ്പോൾ ഏത് വലിയ പ്രതിസന്ധിയെയും മറികടക്കാൻ നമുക്ക് സാധിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിൽ അപരിചിതർ സഹോദരങ്ങളെപ്പോലെ കഴിഞ്ഞ കാഴ്ച നമ്മുടെ നാടിന്റെ നന്മയുടെ തെളിവാണ്. ഇന്നത്തെ അതിവേഗ ജീവിതത്തിൽ മനുഷ്യർക്കിടയിലുള്ള യഥാർത്ഥ ബന്ധങ്ങൾ കുറഞ്ഞുവരികയും പകരം സോഷ്യൽ മീഡിയയിലെ താല്ക്കാലിക ബന്ധങ്ങൾ കൂടുകയും ചെയ്യുന്നു. ഡിജിറ്റൽ ലോകത്തെ ലൈക്കുകൾക്കും കമന്റുകൾക്കും പിന്നാലെ പായുമ്പോൾ, അരികിലുള്ള മനുഷ്യന്റെ കണ്ണീരൊപ്പാൻ നാം മറന്നു പോകുന്നു. സാങ്കേതികവിദ്യ ലോകത്തെ ചെറുതാക്കി നമ്മുടെ കൈക്കുള്ളിൽ ഒതുക്കിയപ്പോൾ, മനുഷ്യരുടെ മനസ്സുകൾ തമ്മിലുള്ള അകലം വർദ്ധിച്ചു. യഥാർത്ഥ മാനവികത എന്നത് ആപത്ത് വരുമ്പോൾ മാത്രം കാണിക്കേണ്ട ഒന്നല്ല. അത് നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമാകണം. വിദ്യാർത്ഥികൾ കേവലം ഉയർന്ന മാർക്ക് വാങ്ങാൻ വേണ്ടി മാത്രം പഠിച്ചാൽ പോരാ. വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം ഒരു നല്ല മനുഷ്യനായി മാറുക എന്നതാണ്. സഹജീവികളോട് കരുണ കാണിക്കാനും, മുതിർന്നവരെ ബഹുമാനിക്കാനും, പ്രകൃതിയെ സ്നേഹിക്കാനും കുട്ടികൾക്ക് കഴിയണം. പരീക്ഷകളിൽ നേടുന്ന റാങ്കുകളെക്കാൾ വിലപ്പെട്ടതാണ് ജീവിതത്തിൽ പുലർത്തുന്ന മാനവിക മൂല്യങ്ങളെന്ന് വരുംതലമുറ തിരിച്ചറിയണം.

**<u>ചോദ്യങ്ങൾ</u>**

1. പ്രകൃതിദുരന്തങ്ങളുടെ സമയത്ത് കേരളം ലോകത്തിന് കാണിച്ചുകൊടുത്ത മാതൃക എന്താണ് ?
2. ഏത് വലിയ പ്രതിസന്ധിയെയും മറികടക്കാൻ നമുക്ക് സാധിച്ചത് എപ്പോഴാണ് ?
3. ദുരിതാശ്വാസ ക്യാമ്പുകളിലെ ഏത് കാഴ്ചയാണ് നമ്മുടെ നാടിന്റെ നന്മയ്ക്ക് തെളിവായി ചൂണ്ടിക്കാണിക്കുന്നത് ?

4. ഡിജിറ്റൽ ലോകത്തെ ലൈക്കുകൾക്കും കമന്റുകൾക്കും പിന്നാലെ പായുമ്പോൾ നമുക്ക് സംഭവിക്കുന്നതെന്ത് ?

5. മനുഷ്യരുടെ മനസ്സുകൾ തമ്മിലുള്ള അകലം വർദ്ധിച്ചത് എപ്പോൾ ?

6 വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം എന്താണ് ?

7. എന്തിനെയാണ് പരീക്ഷകളിൽ നേടുന്ന റാങ്കുകളെക്കാൾ വിലപ്പെട്ടതായി വിദ്യാർത്ഥികൾ തിരിച്ചറിയേണ്ടത് ?

## ബി - വിഭാഗം ( SECTION : B )

**3. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. ( 5 )

(i) അഴിമതി നിർമ്മാർജനം

(ii) മാലിന്യ വിമുക്തഭാരതം

(b) കേരളത്തിലെ കൗമാരക്കാർക്കിടയിൽ ലഹരിവസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായി കാണുന്നു. ഇതിനെതിരെ ബോധവൽക്കരണം ശക്തമാക്കണമെന്നും സ്കൂൾ പരിസരങ്ങളിൽ കർശന പരിശോധന നടത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എക്സൈസ് കമ്മീഷണർക്ക് ഒരു പരാതിക്കത്ത് തയ്യാറാക്കുക. ( 5 )

(c) സംസ്ഥാന സ്കൂൾ കായികമേളയിൽ ദേശീയറെക്കോർഡോടെ സ്വർണ മെഡൽ നേടിയ നിങ്ങളുടെ സ്കൂളിലെ വിദ്യാർത്ഥിയെ നാട്ടുകാരുടെയും സ്കൂളിന്റെയും നേതൃത്വത്തിൽ ആദരിച്ചതിനെ അടിസ്ഥാനമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക. ( 4 )

## സി - വിഭാഗം ( SECTION : C )

**4. (a) പ്രയോഗം മാറ്റുക.** (2 X 1=2)

(i) പറമ്പിലെ കൂറ്റൻ മരങ്ങൾ മുഴുവൻ അദ്ദേഹം മുറിച്ചു നീക്കി.

(ii) മകൾ മാതൃഭാഷ പഠിക്കണമെന്ന് ഞാൻ ശഠിച്ചു.

**(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** (2 X 1=2)

(i) കേവലം സംവദിക്കുന്നതിനുമാത്രമുള്ളതാണ് ഭാഷയെന്ന് ഇന്നത്തെ തലമുറ ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്.

(ii) ഞാൻ ബംഗ്ലാവിൽ ചെന്നപ്പോൾ അദ്ദേഹം സ്വീകരണമുറിയിൽ ചിന്താധീനനായി ഇരിക്കുകയായിരുന്നു.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(2 X 1=2)**

(i) ഭാവിയെക്കുറിച്ചുള്ള ഭയത്തിന്റെ തത്രപ്പാടിൽ നമ്മുടെ ഭാഷ മനസ്സിൽ നിന്ന് മറഞ്ഞ് മാഞ്ഞുപോവുകയാണ്.

(ii) കണ്ണടച്ചു തുറക്കുന്നതിനിടയിലാണ് വളരെ പെട്ടെന്ന് വീടിന്റെ പണി പൂർത്തിയായത്.

**(d) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകുംവിധം വാക്യത്തിൽ പ്രയോഗിക്കുക.** **(2 X 1=2)**

(i) തിരഞ്ഞെടുക്കുക (ii) ഊർജ്ജസ്വലൻ (iii) വാരിവിതറുക

**5. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.** **(7 X 1=7)**

(a) 'മരം' എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ് ?

(A) ഹാസം (B) പുഷ്പം

(C) തരു (D) ശുകം

(b) 'കർഷകൻ' എന്ന പദത്തിന്റെ എതിർലിംഗപദം ഏത് ?

(A) കർഷകി (B) കർഷക

(C) കർഷിക (D) കാർഷകി

(c) 'ചൂര് 'എന്ന പദത്തിന്റെ ശരിയായ അർത്ഥം ഇവയിൽ ഏതാണ് ?

(A) വേദന (B) ശക്തി

(C) ഗാനം (D) ഗന്ധം

(d) 'ചിത്രം - ഛത്രം' എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നതിൽ ഏതാണ് ?

(A) പടം - കുട (B) പടം - സുഖം

(C) കാട് - കൊടി (D) ലക്ഷ്യം - കുട

(e) 'പ്രബലാധിപൻ ' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത് ?

(A) പ്രബലനും അധിപനും (B) പ്രബലന്മാരിൽ അധിപൻ

(C) പ്രബലന്റെ അധിപൻ (D) പ്രബലത്തിന്റെ അധിപൻ

(f) 'അരി ' എന്ന പദത്തിന്റെ നാനാർത്ഥം അല്ലാത്തത് ഇവയിൽ ഏതാണ് ?

(A) ചിറക് (B) ശത്രു

(C) ധാന്യമണി (D) വിത്ത്

(g) തന്നിരിക്കുന്നതിൽ ശരിയായ പദം കണ്ടെത്തി എഴുതുക.

(A) സൃഷ്ട്ടിശക്തി (B) സൃഷ്ടിശക്തി

(C) സൃഷ്റ്റിശക്തി (D) സൃഷ്ഠിശക്തി

(h) 'മരങ്ങൾ' എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് ഏത് ?

(A) മരം + ങ്ങൾ (B) മ + രങ്ങൾ

(C) മരം + കൾ (D) മര + ങൾ

(i) 'ആദരം' എന്നതിന്റെ വിപരീതപദം ഏത് ?

(A) സാദരം (B) അനാദരം

(C) അത്യാദരം (D) സോദരം

(j) 'സമ്മതമില്ലാതെ' എന്നതിന്റെ ഒറ്റപ്പദം ഇവയിൽ ഏതാണ് ?

(A) വിസമ്മതം (B) സുസമ്മതം

(C) സ്വസമ്മതം (D) മന:സമ്മതം

## ഡി - വിഭാഗം ( SECTION : D )

**6. ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.**

**(ഓരോന്നിനും 2 മാർക്ക് വീതം)** **(9 X 2=18)**

(a) (i) 'ബത്തേരിയ്ക്കടുത്ത് മലങ്കരയിൽ' എവിടെയിരുന്നാണ് കവി ദൂരെയുള്ള നെൽപ്പാടം കാണുന്നത് ?

(A) സ്വന്തം വീട്ടിലെ മുറിയിലിരുന്ന് (B) പാടവരമ്പത്തിരുന്നു കൊണ്ട്

(C) വാടകവീടിന്റെ വരാന്തയിലിരുന്ന് (D) പുഴക്കരയിലിരുന്നു കൊണ്ട്

(ii) 'ബത്തേരിയ്ക്കടുത്ത് മലങ്കരയിൽ' എന്ന കവിത എഴുതിയതാര് ?

(A) പി. പി. രാമചന്ദ്രൻ (B) ഏഴാഞ്ചേരി രാമചന്ദ്രൻ

(C) വയലാർ രാമവർമ്മ (D) റഫീക് അഹമ്മദ്

(b) (i) മാതൃഭാഷയൊഴികെ മറ്റെല്ലാ ഭാഷകളും ലേഖകൻ എന്തിനുവേണ്ടിയാണ് പഠിച്ചത് ?

(A) വിനോദത്തിനായി മാത്രം

(B) മറ്റുള്ളവരുടെ നിർബന്ധത്തിന് വഴങ്ങി

(C) ആവശ്യങ്ങൾക്കും, തൊഴിലിനുമായി

(D) കൂട്ടുകാരുടെ ആവശ്യപ്രകാരം

(ii) മറ്റു ഭാഷകൾ വളരെ എളുപ്പം പഠിക്കാൻ ലേഖകനെ സഹായിച്ചത് എന്താണ് ?

(A) അദ്ദേഹം ബുദ്ധിമാനായതുകൊണ്ട്

(B) സ്വന്തം മാതൃഭാഷ നല്ലവണ്ണം പഠിച്ചതുകൊണ്ട്

(C) ഒരുപാട് പണം ചെലവാക്കിയതുകൊണ്ട്

(D) ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചതുകൊണ്ട്

(c) (i) 'മണ്ണും മനുഷ്യനും' എന്ന കഥയുടെ രചയിതാവ് ആര് ?

(A) വൈക്കം മുഹമ്മദ് ബഷീർ (B) ടി. പത്മനാഭൻ

(C) എം.ടി. വാസുദേവൻ നായർ (D) ഒ.വി. വിജയൻ

(ii) കാർഷെഡിന് സമീപം നിന്നിരുന്ന ഏത് കൂറ്റൻ മരത്തിന്റെ ശാഖകളാണ് കെ.യു. നായർ അറുത്തുമാറ്റിയത് ?

(A) പൊൻചെമ്പകം (B) തേന്മാവ്

(C) ഇലഞ്ഞി (D) അശോകം

(d) (i) 'പ്രയാണം' എന്ന കവിത ഏത് കാവ്യസമാഹാരത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

(A) മുളങ്കാട് (B) സർഗ്ഗസംഗീതം

(B) പാദമുദ്രകൾ (D) ആയിഷ

(ii) കടിഞ്ഞാണും കൊണ്ട് കാലത്തെ നിയന്ത്രിക്കാൻ കുതികൊള്ളുന്നത് എന്താണ് ?

(A) രാഷ്ട്രീയം (B) സമുദായം

(C) സംസ്കാരം (D) ശാസ്ത്രം

(e) (i) 'ശ്രീമഹാഭാരതം കിളിപ്പാട്ട് ' രചിച്ചത് ആരാണ് ?

(A) ചെറുശ്ശേരി (B) എഴുത്തച്ഛൻ

(C) കുഞ്ചൻ നമ്പ്യാർ (D) വള്ളത്തോൾ

(ii) 'ഭരദ്വാജനന്ദനൻ' – എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് ആരെയാണ് ?

(A) കർണ്ണൻ (B) അശ്വത്ഥാമാവ്

(C) ദ്രോണർ (D) അർജുനൻ

(f) (i) “മക്കൾ അയച്ച കത്തിൽ കെ.യു. നായരെ സങ്കടപ്പെടുത്തിയ വാർത്ത എന്തായിരുന്നു ?

(A) സ്വത്ത് ഉടനെതന്നെ വീതം വയ്ക്കണമെന്നത്

(B) അവർ അവിടെ വിവാഹം കഴിച്ചെന്നും ഇനി മടങ്ങിവരുന്നില്ലെന്നും

(C) അവർക്ക് ഉണ്ടായിരുന്ന ജോലി നഷ്ടപ്പെട്ടു എന്നത്

(D) അവർക്ക് നാട്ടിൽ വരാൻ ഭയമാണ് എന്നത്

(ii) മരങ്ങൾ മുറിക്കുന്നതിന് കെ.യു. നായർ പറഞ്ഞ കാരണം എന്താണ് ?

(A) മരങ്ങൾ ഉണങ്ങിപ്പോയതിനാൽ

(B) മക്കൾക്ക് മരങ്ങൾ ഇഷ്ടമല്ലാത്തതിനാൽ

(C) മരങ്ങൾ വിൽക്കാൻ

(D) കാറ്റും വെളിച്ചവും വൃത്തിയും വേണമെന്നതിനാൽ

(g) (i) നഗരകേന്ദ്രീകൃത വിദ്യാലയങ്ങളിലും വീടുകളിലും മാതൃഭാഷയ്ക്ക് ഇന്ന് എന്താണ് സംഭവിക്കുന്നത് ?

(A) മാതൃഭാഷയെ കൈയും കാലും കെട്ടി മൂലയിലിരുത്തിയിരിക്കുന്നു

(B) മാതൃഭാഷ നിർബന്ധമാക്കിയിരിക്കുന്നു

(C) മാതൃഭാഷയ്ക്ക് വലിയ സ്ഥാനം നൽകുന്നു

(D) അന്യഭാഷകൾ പൂർണ്ണമായി നിരോധിച്ചു

(ii) ‘മാതൃഭാഷ: നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി’ എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

(A) ഇളകിയാടുന്ന മൗനം (B) ശബ്ദായമൗനം

(C) മൗനം വാചാലം (D) നമ്മെ വിഴുങ്ങുന്ന മൗനം

(h) (i) " നീണ്ട കാലുകൾ നീട്ടി നീട്ടി വച്ചകലുന്നത് ” ആരാണ് ?

(A) മനുഷ്യൻ (B) കാലം

(C) കുതിര (D) കിനാവുകൾ

(ii) “ഇന്നലെസ്സങ്കല്പത്തിൻ മന്ദാരമലർക്കാവിൽ നിന്നു കൂമ്പിയ കിനാവ് ” ഇന്ന് എന്തായി മാറി ?

(A) പൂവായി (B) തൈയായി

(C) കനിയായി (D) വിത്തായി

(i) (i) മനയോല തേച്ചു മുഖം കാട്ടി ചുട്ടിക്കു മലർന്നു കിടക്കുന്നതെന്ത് ?

(A) മലനാട്ടുമണ്ണ് (B) ഞാറ്റടിപ്പച്ച

(C) ചാറ്റൽമഴ (D) കുന്നിൻചരിവ്

(ii) ലോകത്തിന്റെ അവതാരമൂർത്തി മലകളോടും മരങ്ങളോടും ചോദിക്കുന്ന ചോദ്യം എന്താണ് ?

(A) നിങ്ങൾ ആകെ എത്ര പ്രാവശ്യം പൂത്തു ?

(B) നിങ്ങളുടെ വില എത്ര സെന്റ് വരും ?

(C) നിങ്ങൾ ആകെ എത്ര ജിബി ?

(D) നിങ്ങൾക്ക് എത്ര വയസ്സായി ?

(j) (i) കവി ഏതു പഴമാണ് കിളിയ്ക്കായി തിരഞ്ഞെടുത്തത് ?

(A) വെണ്ണപ്പഴം (B) പൂവൻപഴം

(C) കദളിപ്പഴം (D) ഏത്തപ്പഴം

(ii) കവി കിളിക്ക് ഭക്ഷിക്കാനുള്ള വിഭവങ്ങൾ എവിടെയാണ് വെവ്വേറെ വെച്ചിരിക്കുന്നത് ?

(A) സ്വർണ്ണത്തളികയിൽ (B) വെള്ളിത്തളികയിൽ

(C) ചെമ്പ് തളികയിൽ (D) മൺപാത്രത്തിൽ

(k) (i) കഥാകാരൻ വീട് വയ്ക്കാൻ സ്ഥലം വാങ്ങിയപ്പോൾ പ്രധാനമായി പരിഗണിച്ച കാര്യം എന്തായിരുന്നു ?

(A) തികച്ചും ശാന്തമായ അന്തരീക്ഷം (B) നല്ല അയൽക്കാർ

(C) സുഹൃത്തുക്കളുടെ അഭിപ്രായം (D) കുറഞ്ഞ വില

(ii) ബംഗ്ലാവിന്റെ മുൻപിലെ മരങ്ങൾ മുഴുവൻ മുറിച്ചുമാറ്റിയ സ്ഥലത്ത് ആദ്യം എന്താണ് പതിപ്പിച്ചത് ?

(A) മാർബിൾ (B) ഗ്രാനൈറ്റ്

(C) ഇന്റർലോക്കിങ് ടൈലുകൾ (D) തറയോടുകൾ

(l) (i) ഭീഷ്മർ എവിടെ വീണപ്പോഴാണ് ദുര്യോധനാദികൾ വിഷമിക്കുന്നത് ?

(A) രഥത്തിൽ (B) നദീതീരത്തിൽ

(C) കൊട്ടാരത്തിൽ (D) ശരശയനത്തിൽ

(ii) മാനിയായ സുയോധനൻ ഒടുവിൽ ആരെയാണ് സേനാപതിയായി അഭിഷേകം ചെയ്തത് ?

(A) ദ്രോണരെ (B) ശല്യരെ

(C) വിദുരരെ (D) കർണ്ണനെ

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)** **(3X 3 = 9)**

a) മകൾക്ക് മാതൃഭാഷ അറിയാതിരുന്നത് ലേഖകനിൽ കോപവും ഉത്കണ്ഠയും നിറച്ചത് എന്തുകൊണ്ടാവാം ?

b) കഥാകൃത്തിന്റെയും കെ. യു.നായരുടെയും സ്വഭാവ സവിശേഷതകൾ കഥാസന്ദർഭങ്ങളുടെ പശ്ചാത്തലത്തിൽ നിരൂപണം ചെയ്യുക.

c) ''മാതൃഭാഷ: നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി'' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

d) "നിങ്ങളൊരു രാക്ഷസനാണോ" എന്ന് ഞാൻ മനസ്സുകൊണ്ട് അപ്പോൾ ചോദിച്ചുപോയി. കഥാകാരൻ ഇങ്ങനെ ചോദിക്കാൻ ഇടയായ സാഹചര്യമെന്ത് ?

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)** **(3X 3 = 9)**

a) പഞ്ചവർണ്ണക്കിളിക്ക് കവി നൽകുന്ന വിശിഷ്ടഭോജ്യങ്ങൾ എന്തെല്ലാം ?

b) "പേനയും പടവാളും ശാസ്ത്രവും പ്രേമത്തിന്റെ
ഗാനശൈലിയുമായിസഞ്ചരിക്കുന്നൂ നിത്യം" ഈ വരികളുടെ ആശയം എന്ത് ?

c) "കർണ്ണനും മന്ദസ്മിതം ചെയ്തു ചൊല്ലിനാൻ
കർണ്ണസുഖം ഞാൻ പറകയില്ലാരോടും." സന്ദർഭം എഴുതി വിശദീകരിക്കുക.

d) "പൊൻതൂലിക വിറ്റു കിടിലൻ-
ഫോണൊന്നു വാങ്ങിച്ചു ഞാൻ.'' ഈ വരികളുടെ അർത്ഥതലം വ്യക്തമാക്കുക.

***